# അക്കാദമിക മാസ്റ്റർ പ്ലാൻ

- സി.എം.എസ്.എൽ.പി. സ്കൂൾ
പ്രക്കാനം

2025-26

CMSLP SCHOOL
PIN - 689 643
PRAKKANAM

Sunimol Danial P

SUNIMOL DANIAL P.
Head
CMSLPS PRAKKANAM

## ആമുഖം

പത്തനംതിട്ട ജില്ലയിൽ ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിൽ ചെന്നീർക്കര ഗ്രാമപഞ്ചായത്തിൽ 4-ാം വാർഡിൽ പ്രക്കാനത്ത് മുട്ടുകുടുക്കയിൽ സ്ഥിതിചെയ്യുന്ന സരസ്വതിക്ഷേത്രമാണ് പ്രക്കാനം സി. എം. എസ്. എൽ. പി. സ്കൂൾ.

## ചരിത്രം

1880 ൽ ക്രിസ്ത്യൻ മിഷനറിമാരുടെ പ്രവർത്തനഫലമായി ഓമല്ലൂർ കോഴിക്കുന്നത്ത് അച്ചന്മാർ ചേർന്ന് ആരംഭിച്ച നിലത്തെഴുത്ത് പള്ളിക്കൂടമാണ് സി. എം. എസ്. എൽ. പി. സ്കൂളായി തീർന്നത്. ആദ്യം തേപ്പുകല്ലിക്കലിലാണ് ഇത് തുടങ്ങിയത്. 3 വർഷത്തിനു ശേഷം മിഷനറിമാരുടെ സഹായത്തോടെ പ്രക്കാനം St-Paul's C.S.I പള്ളി നിൽക്കുന്ന സ്ഥലത്ത് സ്ഥാപിക്കയും ഒന്ന്, രണ്ട് ക്ലാസുകൾ നടത്തുകയും ചെയ്തു. മിഷനറിമാരോടൊപ്പം ഒരിക്കൊമ്പിൽ ആശാനും പ്രവർത്തിച്ചു.

1890 ൽ 3, 4 ക്ലാസുകൾ ആരംഭിക്കാൻ ഗവൺമെന്റിൽ നിന്ന് അനുവാദം ലഭിക്കയും സ്കൂൾ മുട്ടുകുടുക്കയിലേക്ക് മാറ്റി സ്ഥാപിക്കയും ചെയ്തു.

സമൂഹത്തിൽ ഉന്നതനിലയിൽ എത്തിച്ചേർന്ന അനേകം പേർക്ക് അറിവിന്റെ ആദ്യാക്ഷരങ്ങൾ പകർന്നുനൽകാൻ ഈ വിദ്യാലയത്തിനു സാധിച്ചു എന്നതിൽ ചാരിതാർഥ്യമുണ്ട്.

കാലാനുസൃതമായ മാറ്റങ്ങൾ വന്നപ്പോൾ സ്കൂളിൽ കുട്ടികളുടെ എണ്ണം ഗണ്യമായി കുറഞ്ഞു. ഇപ്പോൾ വിരലിലെണ്ണാവുന്ന അത്ര കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. എങ്കിലും അവർക്ക് പുസ്തകത്തിലെ അറിവിനോടൊപ്പം നന്മയുടെ വെളിച്ചവും പങ്കിടലിന്റെ സ്നേഹവും പകർന്നു നല്കാൻ ഞങ്ങൾ, അദ്ധ്യാപകരിലൂടെ സാധിക്കട്ടെ.

# പൊതുലക്ഷ്യങ്ങൾ

* സ്കൂളിലെത്തിച്ചേരുന്ന ഓരോ കുട്ടിയും അവർ പഠിക്കുന്ന ക്ലാസിൽ നേടേണ്ട ശേഷികൾ ലഭിച്ചു എന്ന് ഉറപ്പുവരുത്തുക
* എല്ലാ കുട്ടികളും മലയാളം, English ഭാഷകളിൽ എഴുതാനും വായിക്കാനും ഉള്ള കഴിവ് നേടുക
* വായനയെ ഒരു സംസ്കാരമായി മാറ്റുക
* ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ്മുറികളിൽ ഉപയോഗിച്ച് മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് നല്കുക
* വിദ്യാലയവും, പരിസരവും ഒരു പാഠപുസ്തകമായി മാറ്റുക
* കൃഷി, ഔഷധസസ്യങ്ങൾ ഇവയെ പ്രോത്സാഹിപ്പിക്കുക
* ദിനാചരണങ്ങൾ, സർഗവേദികൾ ഇവ സംഘടിപ്പിക്കുക
* സ്കൂളും പരിസരവും മാലിന്യമുക്തമാക്കുക.
* ആരോഗ്യശീലങ്ങൾ കുട്ടികളിൽ വളർത്തുക
* ആശയപ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയത്തിലെ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് കുട്ടികളെ സമൂഹത്തിന്റെ മുമ്പിലേക്ക് എത്തിക്കുക.

## ലക്ഷ്യങ്ങൾ

### ഭാഷാ വികസനം

→ എല്ലാ കുട്ടികളും മനസിലാക്കി വായിക്കാനും എഴുതാനും പ്രാപ്തരാക്കുക

→ എല്ലാവരും അവരുടെ ക്ലാസിന് യോജിച്ച ആശയവിനിമയ ശേഷി നേടി എന്നുറപ്പാക്കുക

→ ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക

→ സർഗാത്മകരചനകൾക്കുള്ള അവസരം സൃഷ്ടിക്കുക

→ സാഹിത്യാഭിരുചി വളർത്തുക

→ മികച്ച വായനാശീലം വളർത്തുക

### English

→ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക

→ സ്വതന്ത്ര വായനക്കാരായി ഒരുക്കുക

→ സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക

→ സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികസനത്തിന് പ്രയോജനപ്പെടുത്തുക

→ സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി simple English story books ക്രമീകരിക്കുക.

→ ഇംഗ്ലീഷ് ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.

## പരിസര പഠനം

→ ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക
→ ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം ഇവ വികസിപ്പിക്കുക
→ ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും ചുറ്റുപാടും നിരീക്ഷിക്കുന്നതിനും അവസരം ഒരുക്കുക
→ നൂതനാശയങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുക
→ ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക
→ ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ ഇവ സംഘടിപ്പിക്കുക
→ സമൂഹത്തിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് കുട്ടിയെ പ്രാപ്തരാക്കുക.

## ഗണിതം

→ ഗണിതം ജീവിതവുമായി ബന്ധപ്പെടുത്തുക
→ അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക
→ ഓരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട ശേഷി കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക
→ ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി ഇവ എല്ലാ കുട്ടികളിലും വളർത്തി എടുക്കുക.

## പ്രവൃത്തി പരിചയം

→ പാഴ്‌വസ്തുക്കളിൽ നിന്നും പഠനോപകരണങ്ങളും ഉല്പന്നങ്ങളും ഉണ്ടാക്കാനുള്ള കഴിവ് വർദ്ധിപ്പിക്കുക

→ നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക

→ പഠനവിഷയവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക

## കലാപഠനം

→ കുട്ടികളിൽ കലാഭിരുചി വളർത്തുക

→ സർഗാത്മക കഴിവുകൾ കണ്ടെത്തുക

→ എല്ലാ കുട്ടികളും സമർത്ഥരാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിപാടികൾ സംഘടിപ്പിക്കുക

## ആരോഗ്യകായികവിദ്യാഭ്യാസം

→ എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക

→ ആരോഗ്യശീലങ്ങൾ വളർത്തുക

→ സ്കൂളും പരിസരവും മാലിന്യമുക്തവും ഹരിതാഭവും ആക്കുക

→ പഠനവിഷയവുമായി ബന്ധിപ്പിക്കുക.

# മലയാളം

പ്രവർത്തനം: അക്ഷരക്കൂട്ടം

മേഖല : വായന

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|
| മികച്ച വായനാശീലം വളർത്തുക | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ് മുറികളിലും പ്രത്യേക വായനാമൂലകൾ ഒരുക്കുന്നു. | ജൂൺ -> മാർച്ച് |

പ്രവർത്തനം - പുസ്തകം എന്റെ ചങ്ങാതി.

| | | |
|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | വായനശാലയിലെ പുസ്തകങ്ങൾ പുറത്ത് വച്ച് കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. അവർക്ക് ഇഷ്ടപ്പെട്ട Books തെരഞ്ഞെടുക്കാൻ അവസരം. | മാസത്തിൽ 2 തവണ. |

| | | |
|---|---|---|
| | പ്രവർത്തനം - എന്റെ പിറന്നാൾ ബുക്ക് | June -> മാർച്ച് |
| നല്ല വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി സജ്ജമാക്കുന്നു. പിറന്നാളിന് പുസ്തകങ്ങൾ കൊണ്ടുവരുന്നതിലൂടെ ലൈബ്രറിയിലേക്ക് Books ശേഖരിക്കുന്നു. | |
| | പ്രവർത്തനം - സ്കൂൾ ലൈബ്രറി | |
| മികച്ച വായനാശീലമുള്ളവരാക്കുക | സ്കൂൾ ലൈബ്രറി വിപുലീകരിക്കുന്നു. കുട്ടിക്ക് എല്ലാ വെള്ളിയാഴ്ചയും ബുക്ക് എടുക്കാൻ അവസരം ഉണ്ടാകുന്നു | ജൂൺ -> മാർച്ച് |
| | പ്രവർത്തനം - ചിത്രം നോക്കി കണ്ടെത്താം | |
| ചിത്രവായനയുള്ളവരാക്കുക | ചിത്രത്തിൽ നിന്ന് കണ്ടെത്താൻ ഉണ്ടോ, ഉതകുന്ന ചോദ്യങ്ങൾ നല്കുന്നു. കുട്ടികൾ ഇഷ്ടമുള്ള free time ൽ ഉത്തരങ്ങൾ കണ്ടെത്തും | ജൂൺ -> മാർച്ച് |

| ലക്ഷ്യം | പ്രവർത്തനം — ക്ലാസ്തല പതിപ്പുകൾ<br>പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ആശയങ്ങൾ വിവരത്തിൽ ആവിഷ്കരിക്കാൻ കഴിവ് നേടുന്നു | വിദ്യാലയ വിശേഷങ്ങൾ, ക്ലാസിലെ വിവരങ്ങൾ ഇവ പങ്കുവെക്കുന്നു. പുസ്തകങ്ങൾ വായിച്ചതിൽ നിന്നും നേടിയ വിവരങ്ങൾ ചിത്രമാക്കുന്നു. ഇവയെല്ലാം ചേർത്ത് പതിപ്പ് ഒരുക്കൽ | എല്ലാ മാസവും |
| | പ്രവർത്തനം — ഡയറി എഴുതൽ | |
| കുട്ടികളിലെ ആശയം പ്രകടിപ്പിക്കുന്നു. | എല്ലാ ദിവസത്തിലെയും മികച്ച പ്രവർത്തനം ഡയറിയിൽ കുറിക്കുന്നു. 1, 2 ക്ലാസ്സുകളിൽ സംയുക്തഡയറി. | എല്ലാ ദിവസവും |
| | പ്രവർത്തനം — കൈയെഴുത്തു മാസിക | |
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നു. | ഓരോ മാസത്തിലെയും പഠനപ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് കയ്യെഴുത്തു മാസികകൾ ഒരുക്കുന്നു. | മാസംതോറും |
| അർഥപൂർണമായി വായിക്കുന്നതിന് പ്രാപ്തരാകുന്നു. | വായനോത്സവം<br>Class PTA ൽ, അസംബ്ലിയിൽ, സർഗവേളയിൽ കുട്ടിക്ക് കഥ/കവിത വായിക്കാനവസരം ഒരുക്കുന്നു. | |
| ആശയങ്ങൾ സ്വതന്ത്രരീതിയിൽ ആവിഷ്കരിക്കുന്നു. | രചനോത്സവം<br>അധ്യാപകർ തയ്യാറാക്കിയ വ്യവഹാരരൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാരരൂപങ്ങൾ മാറ്റി എഴുതുന്നു. | നവംബർ<br>↓<br>ഫെബ്രുവരി. |

# English

| Aim | Activities | Time |
| --- | --- | --- |
| Enrich the vocabulary. | **A word A day**<br>ഒരു വലിയ ബുക്കും sketch pen ഉം പൊതുവായി വയ്ക്കുന്നു. എല്ലാ ദിവസവും ഒരു പുതിയ word കണ്ടെത്തി, അർത്ഥം മനസിലാക്കി തെറ്റുകൂടാതെ ഈ ബുക്കിൽ എഴുതുന്നു. ഓരോ കുട്ടി 10 page വീതം നല്കുന്നു. | June to March |
| മടികൂടാതെ സദസിനെ മുന്നിൽ അവതരിപ്പിക്കുന്നു. | **English Assembly**<br>ആഴ്ചയിൽ ഒരു ദിവസം English അസംബ്ലി- pledge, prayer song, News reading എല്ലാം English-ൽ | per week |
| ഉറക്കെ തെറ്റു കൂടാതെ വായിക്കുന്നു. | **English story books-reading**<br>library ൽ നിന്നും ചെറിയ story books കണ്ടെത്തി loud reading- | per week. |
| ആശയങ്ങൾ വ്യത്യസ്ത രീതിയിൽ പ്രകടിപ്പിക്കുന്നു | **Diary writing**<br>3, 4 ക്ലാസിലെ കുട്ടികൾ simple sentence ൽ Diary എഴുതുന്നു- | Aug to Mary |
| ആശയങ്ങൾ ഉറപ്പിക്കുന്നു | **Worksheets**<br>~~[illegible]~~ ദിനംതോറും കുട്ടികൾക്കായി ബന്ധ worksheets പാഠഭാഗവുമായി ബന്ധപ്പെട്ടത് നല്കുന്നു- | June → March |
| Presents without shyness. | **Kids club**<br>മാസത്തിൽ ഒരു friday- English stories, rhymes ~~skit~~ തുടങ്ങിയവ അവതരിപ്പിക്കാൻ അവസരം- | per month |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|
| പ്രവർത്തനം — | ഗണിതം മധുരം | |
| അടിസ്ഥാനഗണിതാശയം എല്ലാ കുട്ടികളിലും എത്തിക്കുക | കുട്ടികൾക്ക് സ്വന്തമായി ഇടപെടാൻ സഹായകരമായ തരത്തിൽ ഗണിതലാബ് സജ്ജമാക്കൽ. | June → March. |
| | വർക്ക് ഷീറ്റുകൾ | |
| പഠനനേട്ടങ്ങൾ സ്വായത്തമാക്കുക. | എല്ലാ ക്ലാസിലെയും യൂണിറ്റുകളുമായി ബന്ധപ്പെട്ട് വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. | June → March |
| | ഗണിതപസിലുകൾ - ഗണിതക്ലബ്ബ് - | |
| പ്രശ്നങ്ങൾ അപഗ്രഥിച്ച് നിർധാരണം ചെയ്യുന്നു - | ഗണിതക്ലബ്ബിന്റെ നേതൃത്വത്തിൽ ഗണിതപസിലുകൾ കുട്ടികളുടെ നിലവാരമനുസരിച്ച് നല്കുന്നു. | ആഴ്ചയിൽ ഒരിക്കൽ |
| | ഗണിതക്ലാസുകൾ - | |
| കുട്ടികൾക്ക് ക്ലാസിൽ വിദ്യാഭ്യാസം ചെയ്യുന്ന രക്ഷിതാക്കളിൽ എത്തിക്കാൻ ഉറപ്പാക്കൽ - | ക്ലാസ് PTA ശാക്തീകരണം - കുട്ടികൾക്ക് ക്ലാസുകളിൽ നല്കുന്ന പ്രവർത്തനങ്ങളെ കുറിച്ച് രക്ഷിതാക്കൾക്കും ഒരു awareness നടത്തുന്നു. | ഓരോ ടേമിലും |
| | നിർമാണപ്രവർത്തനങ്ങൾ | |
| അടിസ്ഥാനഗണിതശേഷി എല്ലാകുട്ടികളിലും എത്തിക്കൽ - | പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായി ചെറിയ നിർമാണപ്രവർത്തനങ്ങൾ നല്കുന്നു. കൂടാതെ Models, Chart ൽ സംഖ്യകൾ എഴുതൽ, ഗണിത മാതൃക തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നു. | July → March |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| | **പരിസരപഠനം** | |
| | **ശാസ്ത്രപഠനോപകരണ ശിൽപശാല** | |
| ശാസ്ത്രപ്രക്രിയാശേഷികൾ വർദ്ധിപ്പിക്കുക. | ഓരോ ക്ലാസിലും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങും വിധം ശിൽപശാലകൾ, വർക്ക്ഷോപ്പുകൾ ഇവ സംഘടിപ്പിക്കുന്നു – | എല്ലാ മാസവും |
| | **ലഘുപരീക്ഷണങ്ങൾ** | |
| ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിന് | ഓരോ ക്ലാസിലും തന്നിട്ടുള്ള ആശയങ്ങൾ അനുസരിച്ചുള്ള ലഘുപരീക്ഷണങ്ങൾ ക്ലാസിനകത്തും പുറത്തും നടത്തുന്നു | June → March |
| | **എന്റെ പരീക്ഷണക്കുറിപ്പ്** | |
| ശാസ്ത്രതാൽപര്യം ജനിപ്പിക്കുന്നു – | പരീക്ഷണം ചെയ്ത ക്രമത്തിൽ ~~[illegible]~~ വിശദമായ കുറിപ്പ് തയ്യാറാക്കുന്നു. പേര്, ആവശ്യമായ സാമഗ്രികൾ, എന്തെല്ലാം ചെയ്തു, കണ്ടെത്തലുകൾ ഇങ്ങനെ എല്ലാ ഘട്ടങ്ങളും ഉള്ള കുറിപ്പ്. | June ↓ March |
| | **പരിസരനടത്തം** | |
| നിരീക്ഷണത്തിലേർപ്പെടുന്നു- | സ്കൂളും പരിസരവും, കുട്ടികളുടെ വീടും പരിസരവും നിരീക്ഷിക്കുന്നു. കാഴ്ചകൾ രേഖപ്പെടുത്തുന്നു – തരംതിരിക്കുന്നു – മാനദണ്ഡം കണ്ടെത്തുന്നു. [illegible] | June ↓ March |